**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1578** **07-02-2023 - ൽ മറുപടിയ്ക്ക്**

**ഭവനനിർമ്മാണ ബോർഡിന്റെ ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീമതി.ഉമ തോമസ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഭവനനിർമ്മാണ ബോർഡിന് സംസ്ഥാനത്ത് എവിടെയൊക്കെ ഭൂമിയുണ്ട് എന്നറിയിക്കാമോ; അവയുടെ സർവേ നമ്പർ ലഭ്യമെങ്കിൽ അറിയിക്കാമോ; | (എ) | ഭവന നിർമ്മാണ ബോർഡിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഭവനനിർമ്മാണ ബോർഡിന്റെ ഭൂമി ഏതെങ്കിലും സ്ഥാപനങ്ങൾക്കോ സ്വകാര്യ ട്രസ്റ്റുകൾക്കോ പാട്ടത്തിന് നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ; | (ബി) | ഭവന നിർമ്മാണ ബോർഡിന്റെ തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ ചെറുവയ്ക്കൽ വില്ലേജിൽപ്പെട്ട 14.67 ഏക്കർ സ്ഥലം റവന്യൂ വകുപ്പിന്റെ വിവിധ ഉത്തരവുകളിലൂടെ ക്രമപ്രകാരം സർക്കാരിൽ നിക്ഷിപ്തമാക്കി 6.91 ഏക്കർ സ്ഥലം രാജീവ് ഗാന്ധി സെന്റർ ഫോർ ബോയോ ടെക്നോളജിയ്ക്കും 1 ഏക്കർ ഭൂമി വീതം യു.എ.ഇ കോൺസലേറ്റും, വിദേശ ഭവനം നിർമ്മിക്കുന്നതിനും 4 ഏക്കർ ഭൂമി ശ്രീ. എം (മുംതാസ് അലി) നേതൃത്വം നൽകുന്ന സത്സംഗ് ഫൗണ്ടേഷന് യോഗ ആന്റ് റിസർച്ച് സെന്റർ നിർമ്മിയ്ക്കുന്നതിനുമായി പാട്ടത്തിനു നൽകിയിട്ടുണ്ട്. സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (സി) | ശ്രീ എമ്മിന്റെ ട്രസ്റ്റിന് ഭവനനിർമ്മാണ ബോർഡിന്റെ ഭൂമി പാട്ടത്തിന് നൽകിയത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (സി) | തിരുവനന്തപുരം ജില്ലയിൽ ചെറുവയ്ക്കൽ വില്ലേജിൽപ്പെട്ട കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ അധീനതയിലുള്ള 7.76 ഏക്കർ ഭൂമിയിൽ നിന്നും 4 ഏക്കർ ഭൂമി ശ്രീ. എം (മുംതാസ് അലി) നേതൃത്വം നൽകുന്ന സത്സംഗ് ഫൗണ്ടേഷൻ യോഗ ആന്റ് റിസർച്ച് സെന്റർ സ്ഥാപിക്കുന്നതിനായി ഒരു വർഷത്തേക്ക് 5 ലക്ഷം രൂപ നിശ്ചയിച്ച് പാട്ടത്തിന് നൽകിയിട്ടുണ്ട്. 29.08.2022-ലെ സ.ഉ.(കൈ) നം. 204/2022/RD നമ്പർ ഉത്തരവ് അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | ഭവന നിർമ്മാണ ബോർഡിന്റെ പ്രവർത്തനങ്ങൾ അവസാനിപ്പിക്കാനുള്ള തീരുമാനത്തിന്റെ ഭാഗമായാണോ ഇപ്രകാരം ഭൂമി വിട്ടു നൽകിയതെന്ന് വ്യക്തമാക്കുമോ? | (ഡി) | ഭവന നിർമ്മാണ ബോർഡിന്റെ പ്രവർത്തനങ്ങൾ അവസാനിപ്പിക്കാനുള്ള തീരുമാനം എടുത്തിട്ടില്ല. കൂടെ പുതിയ ബഡ്ജറ്റിലും ശ്രദ്ധേയമായ ഒട്ടേറെ |

| | | | |
|---|---|---|---|
| | | | പദ്ധതികൾ പ്രഖ്യാപിച്ച് ബോർഡിന്റെ പ്രവർത്തനം കൂടുതൽ സജീവമാക്കുകയാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**തിരുവനന്തപുരം ജില്ല**

| ക്രമ നം. | സ്ഥലം | സർവ്വേ നം. |
|---|---|---|
| 1. | നാലാഞ്ചിറ | 221/2 |
| 2. | പണ്ടിറ്റ്സ് കോളനി | 3596/3 |
| 3. | പുന്നക്കൽ തോപ്പ് | 606/pt |
| 4. | പട്ടം കൊമേർഷ്യൽ കോംപ്ലക്സ് | 1579/2 pt |
| 5. | പട്ടം ചെയർമാൻ ക്വാർട്ടേഴ്സ് | 57,58,63 |
| 6. | പട്ടം സി. ആർ. സി. | 11,16 |
| 7. | ബാലരാമപുരം | 219/1,228/37,228/39 |
| 8. | ഹെഡ് ഓഫീസ് – ശാന്തി നഗർ | 3 |
| 9. | ശാന്തിനഗർ – അപ്പർ സോൺ & ലോവർ സോൺ | 12,61 |
| 10. | ശാന്തി നഗർ – ഗസ്റ്റ് ഹൗസ് | 20,53,66 |
| 11. | പി റ്റി ചാക്കോ നഗർ | 2 |
| 12. | കെ റ്റി ജേക്കബ് നഗർ | 506/10 |
| 13. | ജഗതി | 19 |
| 14. | നെടുമങ്ങാട് റവന്യൂ ടവർ | 1766/1 |
| 15. | നെട്ടയം | 213/3,213/16,213/17 |
| 16. | അമ്പലനഗർ – നീലാംബരി ഫ്ലാറ്റുകൾ | 67 |
| 17. | വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പേരൂർക്കട | 736/2 |
| 18. | മരുതംകുഴി | 1112/B2 |
| 19. | ജവഹർ നഗർ | – |
| 20. | പി റ്റി പി നഗർ | 2 |
| 21. | കല്പക നഗർ – ചാക്ക | 101 |

**കൊല്ലം ജില്ല**

| ക്രമ നം. | സ്ഥലം | സർവ്വേ നം. |
|---|---|---|
| 1 | രാജീവ് വൺ മില്യൺ ഹൗസിംഗ് സ്കീം കല്ലുവാതുക്കൽ | 299 |
| 2 | രാജീവ് വൺ മില്യൺ ഹൗസിംഗ് സ്കീം ചാത്തന്നൂർ | 206 |
| 3 | രാജീവ് വൺ മില്യൺ ഹൗസിംഗ് സ്കീം ഇടമുളയ്ക്കൽ | 1,12,113 |
| 4 | ചിന്നക്കട സ്റ്റേജ് II | 27 |
| 5 | നല്ലില | 201 |
| 6 | കരീപ്ര | 900 |

**ആലപ്പുഴ ജില്ല**

| Sl.No | സ്ഥലം | സർവ്വേ നം. |
|---|---|---|
| 1 | ചേർത്തല പ്ലോട്ട് നം. 4 | 269/11-2-1 |

| | | |
|---|---|---|
| 2 | ചേർത്തല സൈറ്റ് | 269/12-1 |
| 3 | ചേർത്തല പാർക്ക് ഏരിയ | 269/12-2 |
| 4 | വളവനാട് | 66/3-2, 67/1-2, 68/10, 68/14-2, 71/1, 71/10-12 |
| 5 | തിരുവമ്പാടി | 113, 294 |
| 6 | ചെട്ടികുളങ്ങര<br>രാജീവ് വൺ മില്യൺ ഹൗസിംഗ് സ്കീം | 506/10-2, 506/12, 506/11, 506/13, 505/4-2, 506/4 |
| 7 | വള്ളിക്കുന്നം<br>രാജീവ് വൺ മില്യൺ ഹൗസിംഗ് സ്കീം | 408/13, 408/14 |

**പത്തനംതിട്ട ജില്ല**

| Sl.No | സ്ഥലം | സർവ്വേ നം. |
|---|---|---|
| 1 | റാന്നി - പഴവങ്ങാടി | 109/ 10 |
| 2 | ചെറുകോൽ | 172/ 6,172 /7,19 4/14, 172/12, 172/13 |
| 3 | ഇരുവെള്ളിപ്ര | 737/ 1-1 |
| 4 | ആനിക്കാട് രാജീവ് വൺ മില്യൺ ഹൗസിംഗ് സ്കീം | 242/ 1 |
| 5 | കടമ്പനാട് | 218/ 20,218/9,220/1 8 |
| 6 | പള്ളിക്കൽ രാജീവ് വൺ മില്യൺ ഹൗസിംഗ് സ്കീം | 511/ 4 |
| 7 | തിരുവല്ല ഓഫീസ് | 165/2 |

**എറണാകുളം ജില്ല**

| Sl. No. | സ്ഥലം | സർവ്വേ നം. |
|---|---|---|
| 1 | പനമ്പള്ളി നഗർ ഹൗസിംഗ് സ്കീം | 929/1,929/2,929/3 |
| 2 | പനമ്പള്ളി നഗർ ഓഫീസ് | 911/1,912/14,912/15 |
| 3 | മറൈൻ ഡ്രൈവ് | 237/ 1,237/ 2, 236/ 1- 8, 235/ pt ,234pt , 2012/ pt ,233/ 1-2 , 232/ 1- 5 ,2013pt , 231/ 1- 5 ,2014pt ,240/ 1- 5,241/ 3 , 228/ 2, 229/ pt ,230/ pt ,2114/ 1- 5,2681/ pt ,2114/ 1- 5,2681/ pt , |
| 4 | തൃക്കാക്കര സാറ്റലൈറ്റ് ടൗൺഷിപ്പ് കൊമേർഷ്യൽ ഏരിയ | 270/2 |
| 5 | തൃക്കാക്കര അലൻ പാപ്പാളി | 46/3 |
| 6 | തൃക്കാക്കര മൂരിക്കൽ | 269/9 |
| 7 | തൃക്കാക്കര സാറ്റലൈറ്റ് ടൗൺഷിപ്പ്<br>സെയിൽ പ്ലോട്ട് | 270/2 |
| 8 | തൃക്കാക്കര സാറ്റലൈറ്റ് ടൗൺഷിപ്പ്<br>സെയിൽ പ്ലോട്ട് | 268/ 2, 269/ 8, 269/ 9, 270/ 2, 286/ 3 |
| 9 | തൃക്കാക്കര എൻ. ആർ. ഐ. ഫ്ളാറ്റ്സ് ലൊക്കേഷൻ | 314/2 |
| 10 | ഇടപ്പള്ളി പ്ലോട്ട് | 51/8C4 |
| 11 | ഇടപ്പള്ളി പ്ലോട്ട് | 41/7A2-4 |
| 12 | ഇടപ്പള്ളി പ്ലോട്ട് | 41/7A2-4 |

| | | |
|---|---|---|
| 13 | ഇരുമ്പനം കൊമേർഷ്യൽ ഏരിയ | 192/7 |
| 14 | പുളിക്കൽ ഫൗണ്ടേഷൻ പ്ലോട്ട് | 198/4 |
| 15 | ഞാറയ്ക്കൽ പ്ലോട്ട് | 234/7 |
| 16 | ഞാറയ്ക്കൽ പ്ലോട്ട് | 234/7 |
| 17 | രാജീവ് വൺ മില്യൺ ഹൗസിംഗ് സ്കീം മുടക്കുഴ | 365/2, 365/12, 365/13-1 |
| 18 | കുമാരനാശാൻ നഗർ കൊമേർഷ്യൽ ഏരിയ | 508/ 2, 508/ 13 |
| 19 | കുമാരനാശാൻ നഗർ | 486/1,487/1 |
| 20 | കുമാരനാശാൻ നഗർ | 487/1 |
| 21 | കുമാരനാശാൻ നഗർ | 481/2 |
| 22 | കലൂർ കൊമേർഷ്യൽ ഏരിയ | 1/ 7 ,2/ 2, 2/ 3, 2/ 4 , 3/2 ,4/ 2, 4/ 3, 4/ 4 |
| 23 | പെരുമ്പാവൂർ ഫ്ളാറ്റുകൾ | 166/12.A, 166/12 B |
| 24 | പെരുമ്പാവൂർ ഫ്ളാറ്റുകൾ | 166/13 A, 166/16 B |
| 25 | റവന്യൂ ടവർ എറണാകുളം | - |
| 26 | റവന്യൂ ടവർ കോതമംഗലം | 1017/1-A, 1018/2-A |
| 27 | വർക്കിംഗ് വിമൻസ് ഹോസ്റ്റൽ ഇടപ്പള്ളി | 58/2A |
| 28 | വർക്കിംഗ് വിമൻസ് ഹോസ്റ്റൽ കാക്കനാട് | - |

**ഇടുക്കി ജില്ല**

| Sl. No. | **സ്ഥലം** | **സർവ്വേ നം.** |
|---|---|---|
| 1 | കട്ടപ്പന സൈറ്റ് -I | 67/2, 70/6, 70/7, 70/13 |
| 2 | കട്ടപ്പന സൈറ്റ് -II | 36/3-4, 39/4, 39/7, 39/8, 39/9 |
| 3 | കട്ടപ്പന സൈറ്റ് -II | 38/4, 39/6, 38/12 |
| 4 | കുട്ടിക്കാനം | 67/7A-2, 67/4B |
| 5 | വാഴത്തോപ്പ് | 161/1-105-1 |
| 6 | തൊടുപുഴ സൈറ്റ് -II | 71, 74 |
| 7 | കൊമേർഷ്യൽ കോംപ്ലക്സ് കട്ടപ്പന | 19 |
| 8 | വർക്കിംഗ് വിമൻസ് ഹോസ്റ്റൽ കട്ടപ്പന | 40/16,40/17 |
| 9 | വർക്കിംഗ് വിമൻസ് ഹോസ്റ്റൽ മുട്ടം | 17 |
| 10 | കുമളി | 2/1-444-1 , 2/1-449-1, 2/1-605-1,2/1-606-1, 2/1-608-1,2/1-610-1 |
| 11 | നെടുങ്കണ്ടം | 143/1, 143/23-1, 143/24-1, 143/ 25-1 |
| 12 | ഉപ്പുതറ | 338/12-5 |
| 13 | വള്ളക്കടവ് | 193 |
| 14 | വാഴത്തോപ്പ് | 161/1-1151-1 |
| 15 | വെള്ളത്തൂവൽ | 374 |
| 16 | മറയൂർ | 275,276 |

**കോട്ടയം ജില്ല**

| Sl. No. | സ്ഥലം | സർവ്വേ നം. |
|---|---|---|
| 1 | ഗാന്ധിനഗർ ഹൗസിംഗ് സ്കീം | 614/1-5 |
| 2 | ചങ്ങനാശ്ശേരി ഹൗസിംഗ് സ്കീം - I | 1, 2/1-4, 3/2,5,6, 4/2,5, 5/5-6, 6/2-4, 7/1-3 |
| 3 | ചങ്ങനാശ്ശേരി ഹൗസിംഗ് സ്കീം - II | 11/35 |
| 4 | പാല സൈറ്റ് - I | 138/17, 138/30, 44-8-2 |
| 5 | കാഞ്ഞിരപ്പള്ളി സൈറ്റ് - II | 370/3, 370/5-1, 370/8 |
| 6 | അകലക്കുന്നം (പഴയത്) | 222-3, 222-7 |
| 7 | അകലക്കുന്നം (പുതിയത്) | 248/1, 248/7, 248/8 |
| 8 | അയർക്കുന്നം സായൂജ്യം ഹൗസിംഗ് സ്കീം | 283/10, 283/11, 283/9 |
| 9 | വെള്ളൂർ | 667/7 pt |
| 10 | കാഞ്ഞിരപ്പള്ളി സൈറ്റ് -I | 96/9-1 |
| 11 | കഞ്ഞിക്കുഴി ഷോപ്പിംഗ് കോംപ്ലക്സ് | 3 |
| 12 | വർക്കിംഗ് വിമൻസ് ഹോസ്റ്റൽ ഗാന്ധിനഗർ | - |
| 13 | എരുമേലി സായൂജ്യം ഹൗസിംഗ് സ്കീം | 34/2-2-1 |
| 14 | മീനച്ചിൽ രാജീവ് വൺ മില്യൺ ഹൗസിംഗ് | 148/4-5 |
| 15 | റവന്യൂ ടവർ ചങ്ങനാശ്ശേരി | - |

**തൃശ്ശൂർ ജില്ല**

| ക്രമ നം | സ്ഥലം | സർവ്വേ നം. |
|---|---|---|
| 1 | മുളംകുന്നത്തുകാവ് ഹൗസിംഗ് സ്കീം | 560/P, 561/3, 559/5, 560/P, 559/5, 558, 559, 291 |
| 2 | ചാലക്കുടി ഹൗസിംഗ് സ്കീം | 475/3, 480/9, 481/6c, 470 |
| 3 | പുല്ലഴി ഹൗസിംഗ് സ്കീം | 33/2, 33/3 |
| 4 | പുതുക്കാട് | 140 |
| 5 | ഇരിങ്ങാലക്കുട | 243 |
| 6 | അയ്യന്തോൾ ഹൗസിംഗ് സ്കീം | 229 |

**പാലക്കാട് ജില്ല**

| ക്രമ നം | സ്ഥലം | സർവ്വേ നം. |
|---|---|---|
| 1 | ഒറ്റപ്പാലം ഹൗസിംഗ് സ്കീം | 28 |
| 2 | ഏരുമയൂർ രാജീവ് വൺ മില്യൺ ഹൗസിംഗ് സ്കീം | 57/7, 57/3,7,8 pt, 56A/7 pt, 57/2,3 pt |
| 3 | കൊടുവയൂർരാജീവ് വൺ മില്യൺ ഹൗസിംഗ് സ്കീം | 127 |
| 4 | മൺകര രാജീവ് വൺ മില്യൺ ഹൗസിംഗ് സ്കീം | 27, 4, 2, 12, 53, 28, 36 |
| 5 | പടമ്പഴിപ്പുറം, രാജീവ് വൺ മില്യൺ ഹൗസിംഗ് സ്കീം | 9/1A |
| 6 | മേലാർകോഡ് രാജീവ് വൺ മില്യൺ ഹൗസിംഗ് സ്കീം | 15/2, 15/6 |
| 7 | അകത്തേത്തറ ഹൗസിംഗ് സ്കീം | 191/3, 192 |

**കോഴിക്കോട് ജില്ല**

| ക്രമ നം | സ്ഥലം | സർവ്വേ നം. |
|---|---|---|
| 1 | തിരുവമ്പാടി<br>രാജീവ് വൺ മില്യൺ ഹൗസിംഗ് സ്കീം | 148/14354, 148/14355 |
| 2 | പുതുപ്പാടി<br>രാജീവ് വൺ മില്യൺ ഹൗസിംഗ് സ്കീം | 100/2222, 100/2221 |
| 3 | കായണ്ണ<br>രാജീവ് വൺ മില്യൺ ഹൗസിംഗ് സ്കീം | 134/1589 |
| 4 | വാണിമെൽ<br>രാജീവ് വൺ മില്യൺ ഹൗസിംഗ് സ്കീം | 132/73 |
| 5 | ചേളന്നൂർ<br>രാജീവ് വൺ മില്യൺ ഹൗസിംഗ് സ്കീം | 9/71, 22/16 |
| 6 | ചേവരമ്പലം<br>ഹൗസിംഗ് സ്കീം – സൈറ്റ് 1 | 29/36 |
| 7 | ചേവരമ്പലം<br>ഹൗസിംഗ് സ്കീം – സൈറ്റ് 1<br>കൊമേഴ്സ്യൽ ലാന്റ് | 277/10, 277/9 |
| 8 | മെഡിക്കൽ കോളേജ് സ്റ്റേജ് –1 | 2/2, 2/4, 3/2 |
| 9 | മെഡിക്കൽ കോളേജ് സ്റ്റേജ് –1 | 3 /9, 10/5, 2/7 |
| 10 | മെഡിക്കൽ കോളേജ് സ്റ്റേജ് – 1 | 7/8 |
| 11 | മെഡിക്കൽ കോളേജ് സ്റ്റേജ് – 2 | 192/6A |
| 12 | മെഡിക്കൽ കോളേജ് സ്റ്റേജ് –2 | 192/10 |
| 13 | മെഡിക്കൽ കോളേജ് സ്റ്റേജ്–2 | 189/16, 190/1, 190/12, 190/13, 193/6, 328/9 |
| 14 | മെഡിക്കൽ കോളേജ് സ്റ്റേജ്–2 | 189/17, 189/18, 193/4 |
| 15 | മെഡിക്കൽ കോളേജ് സ്റ്റേജ് –2 | 192/7 |
| 16 | മെഡിക്കൽ കോളേജ് സ്റ്റേജ് –2 | 191/4 |
| 17 | മെഡിക്കൽ കോളേജ് സ്റ്റേജ് –2 | 192/9 |
| 18 | മെഡിക്കൽ കോളേജ് സ്റ്റേജ് –1 | 187/5 |
| 19 | മെഡിക്കൽ കോളേജ് സ്റ്റേജ് –1 | 6/3 |
| 20 | മെഡിക്കൽ കോളേജ് സ്റ്റേജ് –1 | 155/6 |
| 21 | മെഡിക്കൽ കോളേജ് സ്റ്റേജ് –1 | 5/79 |
| 22 | ചക്കോരത്ത്കുളം<br>ഓഫീസ് കോപ്ലക്സ് | 786/5, 764/4<br>764 |
| 23 | ബിലാത്തിക്കുളം<br>കൊമേഴ്സ്യൽ ഏരിയ | 1554/12,<br>1555/2 |
| 24 | മാലാപ്പറമ്പ് – കൊമേഴ്സ്യൽ ലാന്റ് | 38/58 |
| 25 | മാലാപ്പറമ്പ് | 37/2 |

**കണ്ണൂർ ജില്ല**

| ക്രമ നം | സ്ഥലം | സർവ്വേ നം. |
|---|---|---|
| 1 | അയ്യൻകുന്ന് രാജീവ് വൺ മില്യൺ ഹൗസിംഗ് സ്കീം | 1 |
| 2 | തോട്ടട ഹൗസിംഗ് സ്കീം പ്ലോട്ട് 1 | 2 |

| | | |
|---|---|---|
| 3 | തോട്ടട ഹൗസിംഗ് സ്കീം പ്ലോട്ട് 2 | 2 |
| 4 | നടുവിൽ രാജീവ് വൺ മില്യൺ ഹൗസിംഗ് സ്കീം | 181 |
| 5 | പട്ടുവം | 64 |
| 6 | കാങ്കോൽ - ആലപ്പടമ്പ | 157 |
| 7 | കുറുമാത്തൂർ | 31 |
| 8 | ചപ്പാരപ്പടവ് | 10/1C |
| 9 | പരിയാരം | 15/1A |
| 10 | മങ്ങാട്ടിടം | 53/2 |

**വയനാട് ജില്ല**

| ക്രമ നം | സ്ഥലം | സർവ്വേ നം. |
|---|---|---|
| 1 | മാനന്തവാടി | 688/24 |
| 2 | തരിയോട് രാജീവ് വൺ മില്യൺ ഹൗസിംഗ് സ്കീം | 267/7 |
| 3 | ത്രിക്കൈപ്പറ്റ | 81/14, 82/2, 82/5, 82/10, |
| 4 | മീനങ്ങാടി | 543/16 |

**മലപ്പുറം ജില്ല**

| ക്രമ നം | സ്ഥലം | സർവ്വേ നം. |
|---|---|---|
| 1 | രാജീവ് വൺ മില്യൺ ഹൗസിംഗ് സ്കീം-മമ്പാട് | 0103/1-1 |
| 2 | രാജീവ് വൺ മില്യൺ ഹൗസിംഗ് സ്കീം- തിരുവല്ലി | 41/13-2 |
| 3 | രാജീവ് വൺ മില്യൺ ഹൗസിംഗ് സ്കീം- ചൊക്കാട് | 0193/1-6 |

**കാസറഗോഡ് ജില്ല**

| ക്രമ നം | സ്ഥലം | സർവ്വേ നം. |
|---|---|---|
| 1 | ഓഫീസ് കോംപ്ലക്സ്, ചെങ്കള ഹൗസിംഗ് സ്കീം | 102 |
| 2 | വർക്കിംഗ് വിമൻസ് ഹോസ്റ്റൽ, മധൂർ | 250, 259 |
| 3 | രാജീവ് വൺ മില്യൺ ഹൗസിംഗ് സ്കീം- മീഞ്ച | 188 |
| 4 | രാജീവ് വൺ മില്യൺ ഹൗസിംഗ് സ്കീം- പൈവളളിക | 138 |
| 5 | രാജീവ് വൺ മില്യൺ ഹൗസിംഗ് സ്കീം- കുമ്പള | 387 |
| 6 | രാജീവ് വൺ മില്യൺ ഹൗസിംഗ് സ്കീം -പുതിഗൈ | 245 |
| 7 | രാജീവ് വൺ മില്യൺ ഹൗസിംഗ് സ്കീം - എൻമകജെ | 248 |
| 8 | രാജീവ് വൺ മില്യൺ ഹൗസിംഗ് സ്കീം- ബദിയടുക്ക | 333 |
| 9 | രാജീവ് വൺ മില്യൺ ഹൗസിംഗ് സ്കീം- ചെമ്മനാട് | 201 |
| 10 | രാജീവ് വൺ മില്യൺ ഹൗസിംഗ് സ്കീം ബഡാട്ടുക്ക | 89 |
| 11 | രാജീവ് വൺ മില്യൺ ഹൗസിംഗ് സ്കീം- അജാനൂർ | 295 |
| 12 | രാജീവ് വൺ മില്യൺ ഹൗസിംഗ് സ്കീം- പുല്ലൂർ പെരിയ | 291 |

| | | |
|---|---|---|
| 13 | രാജീവ് വൺ മില്യൺ ഹൗസിംഗ് സ്കീം – കൊട്ടും ബല്ലൂർ | 164 |
| 14 | രാജീവ് വൺ മില്യൺ ഹൗസിംഗ് സ്കീം– മടിക്കൈ | 579 |
| 15 | രാജീവ് വൺ മില്യൺ ഹൗസിംഗ് സ്കീം – കരിന്തളം | 469 |
| 16 | രാജീവ് വൺ മില്യൺ ഹൗസിംഗ് സ്കീം – പീലിക്കോട് | 115 |
| 17 | രാജീവ് വൺ മില്യൺ ഹൗസിംഗ് സ്കീം – വോർക്കാടി | 114 |

അനുബന്ധം

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ചെറുവയ്ക്കൽ വില്ലേജിൽ റീസർവ്വേ 647/9,671/3,647/8 എന്നിവയിലുൾപ്പെട്ടതും ആക്കുളം എയർ ഫോഴ്സ് സ്റ്റേഷന് എതിർ വശത്ത് കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡിന്റെ കൈവശമുള്ളതുമായ 6 ഏക്കർ ഭൂമി ക്രമപ്രകാരം ഏറ്റെടുത്ത് റവന്യൂ വകപ്പിൽ നിക്ഷിപ്തമാക്കി 1 ഏക്കർ ഭൂമി വീതം യുഎഇ കോൺസുലേറ്റും വിദേശ ഭവനും നിർമ്മിക്കുന്നതിന് പാട്ടത്തിനനുവദിച്ച് -ഉത്തരവാകുന്നു.

റവന്യൂ (യു) വകുപ്പ്

**സ.ഉ.(കൈ) നം.42/2021/റവ.** തീയതി,തിരുവനന്തപുരം, 05/02/2021

പരാമർശം:- 1 05.10.2017 ലെ ജി.ഒ (എം.എസ്) 334/2017/റവ
2 27-9-2018 ലെ ജി.ഒ (എം.എസ്) 345/2018/റവ
3 31.01.2020 ലെ തിരുവനന്തപുരം ജില്ലാ കളക്ടറുടെ ബി8/ ഇ249050/2020 നമ്പർ കത്ത്
4 04/02/2021 ലെ സർക്കാർ ഉത്തരവ് (കൈ)31/2021/ റവന്യൂ

**ഉത്തരവ്**

പേരൂർക്കട വില്ലേജിൽ മുൻ സർവ്വേ നമ്പർ 2,3,4,5,6ൽ ഉൾപ്പെട്ടതും കവടിയാർ കൊട്ടാരം വകയിൽ നിന്നും മിച്ച ഭൂമിയായി ഏറ്റെടുത്തിരുന്നതുമായ 7 ഏക്കർ 2 .5 സെന്റ് ഭൂമിയിൽ നിന്നും യുഎഇ കോൺസലേറ്റിനു ഭൂമി പാട്ടത്തിനു നൽകി കൊണ്ടു പരാമർശം 1 , 2 ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു.

2. യുഎ ഇ കോൺസുലേറ്റ് നിർമിക്കുന്നതിനായി മേൽ പരാമർശിച്ച ഉത്തരവുകൾ പ്രകാരം അനുവദിച്ച, കവടിയാർ വില്ലേജിൽ മുൻ സർവ്വേ നമ്പർ 2,3,4,5,6 എന്നിവയിൽപെട്ട 70 സെന്റ് ഭൂമി, കവടിയാർ കൺസർവേഷൻ സോണിൽ ഉൾപ്പെട്ടുവരുന്നതിനാൽ, നിർമ്മാണ നിയന്ത്രണങ്ങൾ നിലവിലുള്ളതിനാൽ പ്രസ്തുത ഭൂമി ടി ആവശ്യത്തിന് അപര്യാപ്തമാണെന്നും മറ്റൊരു സ്ഥലം ടി ആവശ്യത്തിന് കണ്ടെത്തണമെന്നുമുള്ള നിർദ്ദേശങ്ങൾ ഉയർന്നു വന്നതിനാൽ പരാമർശം (1) (2) എന്നിവ പ്രകാരം പുറപ്പെടുവിച്ച ഉത്തരവുകൾ പരാമർശം (4) പ്രകാരം റദ്ദ് ചെയ്യുകയുണ്ടായി.

3)മേൽ സാഹചര്യത്തിൽ .ചെറുവയ്ക്കൽ വില്ലേജിൽ റീസർവ്വേ 647/9,671/3,647/8 എന്നിവയിലുൾപ്പെട്ടതും ആക്കുളം എയർ ഫോഴ്സ് സ്റ്റേഷന് എതിർ വശത്ത് കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡിന്റെ കൈവശമുള്ളതുമായ 6 ഏക്കർ ഭൂമി ക്രമപ്രകാരം ഏറ്റെടുത്ത് റവന്യൂ വകപ്പിൽ നിക്ഷിപ്തമാക്കി 1ഏക്കർ വീതം യുഎഇ കോൺസുലേറ്റും വിദേശ ഭവനും നിർമ്മിക്കാനായി, 1995 ലെ മുനിസിപ്പൽ കോർപറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിവ് ചട്ടം 21(ii) പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ പ്രത്യേക അധികാരം വിനിയോഗിച്ച്, വിദേശ കോൺസുലേറ്റുകൾക്കു ഭൂമി നൽകുന്നതിനുള്ള വ്യവസ്ഥ അനുസരിച്ചും പാട്ട വ്യവസ്ഥകൾ പിന്നീട് നിശ്ചയിക്കുന്നതാണെന്ന

വ്യവസ്ഥയിലും ചുവടെ ചേർക്കുന്ന മറ്റു വ്യവസ്ഥകളോടെയും യുഎഇ കോൺസുലേറ്റിനും വിദേശ് ഭവനും ഭൂമി പാട്ടത്തിന് അനുവദിക്കുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുള്ള നിബന്ധനകൾ കൂടി ഉൾപ്പെടുത്തി പ്രത്യേകം ഉത്തരവുകൾ പിന്നീട് പുറപ്പെടുവിക്കുന്നതാണെന്ന വ്യവസ്ഥയിലും 90 വർഷത്തേക്ക് കമ്പോള വിലയുടെ 5 % നിരക്കിൽ പ്രതിവർഷ പാട്ടം ഈടാക്കിക്കൊണ്ട് പാട്ടത്തിനനുവദിച്ച് ഉത്തരവാകുന്നു .

<u>നിബന്ധനകൾ</u>

i)ഭൂമി അനുവദിച്ച ആവശ്യത്തിന് മാത്രമേ ഉപയോഗിക്കാവൂ ;

ii)ഭൂമി ഏതെങ്കിലും ധനകാര്യ സ്ഥാപനങ്ങളിൽ പണയപ്പെടുത്തുവാനോ അന്യാധീനപ്പെടുത്തുവാനോ പാടുള്ളതല്ല ;

iii)ഭൂമി പാട്ടത്തിന് / ഉപപാട്ടത്തിന് / തറവാടകയ്ക്ക് നൽകുവാൻ പാടില്ല ;

iv)ഭൂമി എല്ലാതരത്തിലുമുള്ള കയ്യേറ്റങ്ങളിൽ നിന്നും ബന്ധപ്പെട്ട സ്ഥാപനം തന്നെ സംരക്ഷിച്ച് നിർത്തേണ്ടതാണ് ;

v)ഭൂമിയിലെ മരങ്ങൾ മുറിക്കുവാൻ പാടുള്ളതല്ല . അഥവാ മുറിക്കേണ്ടി വന്നാൽ റവന്യൂ അധികാരികളുടെ മുൻകൂർ അനുവാദം വാങ്ങിയശേഷമേ മുറിക്കുവാൻ പാടുള്ളൂ . കൂടാതെ മുറിക്കുന്നതിന്റെ 3 ഇരട്ടി എണ്ണം വൃക്ഷതൈകൾ നട്ട് വളർത്തി പരിപാലിക്കേണ്ടതുമാണ് .

vi)ഭൂമി അനുവദിക്കുന്ന തീയതി മുതൽ ഒരു വർഷത്തിനകം തന്നെ നിർദ്ദിഷ്ട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ് .

vii) മേൽപ്പറഞ്ഞ നിബന്ധനകളിൽ ഏതെങ്കിലും ഒന്ന് ലംഘിക്കുന്ന പക്ഷം ഭൂമി ചമയങ്ങളടക്കം തിരികെ റവന്യൂ വകുപ്പിൽ പുനർനിക്ഷിപ്തമാകുന്നതാണ് .

viii)ഭൂമി കൈമാറ്റത്തിനുള്ള തുക ഇന്ത്യയിൽ നിലവിലുള്ള ബാങ്കിങ് ചാനൽ മുഖേന കൈമാറേണ്ടതാണ്.

ix)ഈ ഭൂമിയിലെ നിർമാണ പ്രവർത്തനങ്ങൾക്കു കേന്ദ്ര സർക്കാരിന്റെ അംഗീകാരവും , ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ ശുപാർശയും വാങ്ങിയിരിക്കണം

ഇക്കാര്യത്തിലുള്ള തുടർ നടപടി ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഡോ .എ .ജയതിലക് ഐ.എ.എസ്**
**പ്രിൻസിപ്പൽ സെക്രട്ടറി**

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം

ജില്ലാ കളക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്), കേരള, തിരുവനന്തപുരം.

അനുബന്ധം.



"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - സത്സംഗ് ഫൗണ്ടേഷന് പാട്ടത്തിന് നൽകിയതും നിലവിൽ കെ.എസ്.എച്ച്.ബി.യുടെ കൈവശവും ഉടമസ്ഥതയിലുമുള്ള ഭൂമിയുടെ പട്ടയം റദ്ദ് ചെയ്ത് ഭൂമി സർക്കാരിലേയ്ക്ക് തിരിച്ചെടുക്കുന്നതിന് തിരുവനന്തപുരം ജില്ലാ കലക്ടർക്ക് നിർദ്ദേശം നൽകികൊണ്ടും, പ്രസ്തുത ഭൂമിയുടെ കൈവശാവകാശവും ഉടമസ്ഥാവകാശവുമുള്ള KSHBയ്ക്ക് നൽകേണ്ട കോമ്പൻസേഷൻ സംബന്ധിച്ച് നടപടിയെടുക്കാൻ ഭവനനിർമ്മാണ വകുപ്പിനെ ചുമതലപ്പെടുത്തികൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

റവന്യൂ (യു) വകുപ്പ്

സ.ഉ.(കൈ) നം.205/2022/RD   തീയതി,തിരുവനന്തപുരം, 30-08-2022

പരാമർശം:- 1) 26.02.2021 ലെ സ.ഉ.(കൈ.) നം.90/2021/റവ നമ്പർ ഉത്തരവ്.

2) 24.08.2022ലെ 1008 ഇനം നമ്പർ മന്ത്രിസഭാ യോഗ തീരുമാനം.

3) 29.08.2022 ലെ സ.ഉ.(കൈ.) നം.204/2022/റവ നമ്പർ ഉത്തരവ്

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ ചെറുവയ്ക്കൽ വില്ലേജിൽ റീസർവ്വെ ബ്ലോക്ക് 20 ൽ റീസർവ്വെ 647/9, 671/3, 647/8 എന്നീ സർവ്വെ നമ്പരുകളിൽപ്പെട്ട 4 ഏക്കർ ഭൂമി യോഗ & റിസർച്ച് സെന്റർ സ്ഥാപിക്കുന്നതിനായി ശ്രീ.എം.(മുംതാസ് അലി) നേതൃത്വം നൽകുന്ന സത് സംഗ് ഫൗണ്ടേഷന് യോഗ & റിസർച്ച് സെന്റർ സ്ഥാപിക്കുന്നതിനായി കമ്പോള വിലയുടെ 2% പാട്ട നിരക്ക് നിശ്ചയിച്ച് നിബന്ധനകളോടെ പത്ത് വർഷത്തേക്ക് പാട്ടത്തിന് അനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

2. പരാമർശം 2ലെ തീരുമാനത്തിലെ നിർദ്ദേശം iii ന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഭൂമിയുടെ പാട്ടവാടകയായി 4 ഏക്കർ വസ്തുവിനുമായി ഒരു വർഷത്തേയ്ക്ക് 5 ലക്ഷം രൂപ നിശ്ചയിച്ച് കൊണ്ട് പരാമർശം (1) ലെ ഉത്തരവിൽ ഭേദഗതി വരുത്തികൊണ്ട് പരാമർശം (3 ) പ്രകാരം ഉത്തരവായിരുന്നു.

3. മേൽ സാഹചര്യത്തിൽ പരാമർശം (2)ലെ തീരുമാനത്തിലെ (i)ന്റെയും (ii) ന്റെയും അടിസ്ഥാനത്തിൽ, പരാമർശം (1) പ്രകാരം സത്സംഗ് ഫൗണ്ടേഷന് പാട്ടത്തിന് നൽകിയതും നിലവിൽ കേരളാ സ്റ്റേറ്റ് ഹൗസിംഗ് ബോർഡിന്റെ (KSHB) കൈവശവും ഉടമസ്ഥതയിലുമുള്ള ഭൂമിയുടെ പട്ടയം റദ്ദ് ചെയ്ത് ഭൂമി സർക്കാരിലേയ്ക്ക് തിരിച്ചെടുക്കുന്നതിന് തിരുവനന്തപുരം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകികൊണ്ടും, പ്രസ്തുത ഭൂമിയുടെ കൈവശാവകാശവും ഉടമസ്ഥാവകാശവുമുള്ള KSHBയ്ക്ക് നൽകേണ്ട കോമ്പൻസേഷൻ സംബന്ധിച്ച് നടപടിയെടുക്കാൻ ഭവനനിർമ്മാണ വകുപ്പിനെ ചുമതലപ്പെടുത്തികൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

.205/2022/RD .

ഡോ .എ .ജയതിലക് ഐ എ എസ്

അഡീഷണൽ ചീഫ് സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

ജില്ലാ കളക്ടർ, തിരുവനന്തപുരം

സത്സംഗ് ഫൗണ്ടേഷൻ നമ്പർ -9, ഒന്നാം നില, വെബ്സ്റ്റേസ് റോഡ്, കോക്സ് ടൗൺ .ബംഗ്ലൂരു, കർണാടക- 560 005.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ& ഇ) കേരള, തിരുവനന്തപുരം

പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം. നം 1008 തീയതി 24.08.2022)

ധനകാര്യവകുപ്പ്.

ഭവനനിർമ്മാണ(എ) വകുപ്പ്

പബ്ലിക് റിലേഷൻസ് (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്

ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ പി.എസിന്

റവന്യൂ അഡീഷണൽചീഫ് സെക്രട്ടറിയുടെ പി.എസ്സ്

റവന്യൂ അഡീഷണൽ സെക്രട്ടറിയുടെ സി.എസ്സ്

അനുബന്ധം.

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

റവന്യൂ വകുപ്പ്-തിരുവനന്തപുരം ജില്ല തിരുവനന്തപുരം താലൂക്കിൽ ചെറുവയ്ക്കൽ വില്ലേജിൽ റീസർവ്വെ ബ്ലോക്ക് 20 ൽ റീസർവ്വെ 647/9, 671/3, 647/8 എന്നീ സർവ്വേ നമ്പരുകളിൽപ്പെട്ടതും കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡിന്റെ കൈവശത്തിലുള്ളതുമായ ഭൂമിയിൽ നിന്നും 1.61 ഹെക്ടർ (4 ഏക്കർ) ഭൂമി ശ്രീ.എം.(മുംതാസ് അലി) നേതൃത്വം നൽകുന്ന സത് സംഗ് ഫൗണ്ടേഷന് യോഗ & റിസർച്ച് സെന്റർ സ്ഥാപിക്കുന്നതിനായി കമ്പോള വിലയുടെ 2% പാട്ട നിരക്ക് നിശ്ചയിച്ച് നിബന്ധനകളോടെ പത്ത് വർഷത്തേക്ക് പാട്ടത്തിന് അനുമതി നൽകിയ 26.02.2021 ലെ സ.ഉ.(കൈ.) നം.90/2021/റവ ഉത്തരവ് ഭേദഗതിചെയ്ത് കൊണ്ട് പാട്ടവാടകയായി 4 ഏക്കർ വസ്തുവിനുമായി ഒരു വർഷത്തേയ്ക്ക് 5 ലക്ഷം രൂപ നിശ്ചയിച്ച് കൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (യു) വകുപ്പ്

സ.ഉ.(കൈ) നം.204/2022/RD തീയതി,തിരുവനന്തപുരം, 29-08-2022

പരാമർശം:-
1. 26.02.2021 ലെ സ.ഉ.(കൈ.) നം.90/2021/റവ നമ്പർഉത്തരവ്
2. സത് സംഗ് ഫൗണ്ടേഷൻ പ്രസിഡണ്ടിൻെറ 26.07.2021 ലെ കത്ത്
3. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 12.07.2022 ലെ ബി1- 322765/2021 നമ്പർ കത്ത്.
4. ലാൻറ് റവന്യൂ കമ്മീഷണറുടെ 13.07.2022 ലെ എൽ. ആർ/ 2692/2022/ജെ.6 നമ്പർ കത്ത്

ഉത്തരവ്

തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ ചെറുവയ്ക്കൽ വില്ലേജിൽ റീസർവ്വെ ബ്ലോക്ക് 20 ൽ റീസർവ്വെ 647/8,647/9,671/3, എന്നീ സർവ്വെ നമ്പരുകളിൽപ്പെട്ട 15 ഏക്കർ ഭൂമി യോഗ & റിസർച്ച് സെന്റർ സ്ഥാപിക്കുന്നതിനായി ശ്രീ.എം.(മുംതാസ് അലി) നേതൃത്വം നൽകുന്ന സത് സംഗ് ഫൗണ്ടേഷന് യോഗ & റിസർച്ച് സെന്റർ സ്ഥാപിക്കുന്നതിനായി കമ്പോള വിലയുടെ 2% പാട്ട നിരക്ക് നിശ്ചയിച്ച് നിബന്ധനകളോടെ പത്ത് വർഷത്തേക്ക് പാട്ടത്തിന് അനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

2) എന്നാൽ പരാമർശം (1) പ്രകാരം അനുവദിച്ച വസ്തുവിന് ഭീമമായ വാർഷിക പാട്ട വാടക ഈടാക്കുന്ന കാര്യം-പുനഃ പരിശോധിക്കാനും, ഒരു വാടകയും ഈടാക്കാതെ അല്ലെങ്കിൽ നാമമാത്രമായ വാടക ഈടാക്കി പാട്ടം അടയ്ക്കാൻ അവരെ അനുവദിക്കണമെന്നും തിരുവനന്തപുരം കോർപ്പറേഷന്റെ ഡിടിപി/മാസ്റ്റർ പ്ലാൻ അനുസരിച്ച്, സത്സംഗ് ഫൗണ്ടേഷന് അനുവദിച്ച സ്ഥലത്ത് സർക്കാർ / അർദ്ധ സർക്കാർ കെട്ടിടങ്ങളുടെ നിർമ്മാണം മാത്രമേ അനുവദിക്കുകയുള്ളൂ അതിനാൽ സത്സംഗ് ഫൗണ്ടേഷന് അവരുടെ പദ്ധതിക്ക് കോർപ്പറേഷൻ/എൽഎസ്ജിഡി പ്രത്യേക അനുമതി നൽകണമെന്നും മാത്രമല്ല അനുവദിച്ച

Scanned with CamScanner

ഭൂമിയുടെ അതിരുകൾ നിശ്ചയിച്ച് വിട്ടുനൽകാൻ ലാൻഡ് റവന്യൂ വകുപ്പിന് നിർദേശം നൽകണമെന്നും സത്സംഗ് ഫൗണ്ടേഷൻ പ്രസിഡന്റ് പരാമർശം (2) പ്രകാരം ആവശ്യപ്പെടുകയുണ്ടായി.

3) 1995 ലെ കേരള മുനിസിപ്പൽ/കോർപ്പറേഷൻ ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 21 അടിസ്ഥാനമാക്കി 28.01.2016 ലെ സ.ഉ (പി) നം. 64/2016/റവ ഉത്തരവിലെ ഖണ്ഡിക 8 (ii) പ്രകാരമാണ് സത് സംഗ് ഫൗണ്ടേഷന് 2% പാട്ട നിരക്കിന് പാട്ടത്തിന് അനുമതി നൽകിയത്. ആയതു പ്രകാരം സാമൂഹ്യമോ ചാരിറ്റബിളോ ആയി പ്രവർത്തിക്കുന്ന വ്യക്തികൾക്കും സംഘടനകൾക്കും 400 സ്ക്വയർ മീറ്ററിനു മുകളിലുള്ള ഭൂമി കമ്പോള വിലയുടെ 2% നിരക്കിൽ പാട്ടത്തിനനുവദിക്കുന്നതിനാണ് നിഷ്കർഷിച്ചിട്ടുള്ളത്. സാധാരണഗതിയിൽ സർക്കാർ സ്ഥാപനങ്ങൾക്ക് മാത്രമാണ് പാട്ടനിരക്ക് കുറച്ചു നൽകാറുള്ളത് എന്ന് പരാമർശം (3) പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടറും പരാമർശം (4) പ്രകാരം ലാൻറ് റവന്യൂ കമ്മീഷണറും അറിയിച്ചിട്ടുണ്ട്.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. തിരുവനന്തപുരം ജില്ല തിരുവനന്തപുരം താലൂക്കിൽ ചെറുവയ്ക്കൽ വില്ലേജിൽ റീസർവ്വെ ബ്ലോക്ക് 20 ൽ റീസർവ്വെ 647/9, 671/3, 647/8 എന്നീ സർവ്വേ നമ്പരുകളിൽപ്പെട്ടതും തണ്ടപ്പേർ നമ്പർ 28089 പ്രകാരം കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ്, കൈവശത്തിലുള്ളതുമായ 3.14 ഹെക്ടർ (7.76 ഏക്കർ) ഭൂമിയിൽ നിന്നും 1.61 ഹെക്ടർ (4 ഏക്കർ) ഭൂമി ശ്രീ.എം.(മുംതാസ് അലി) നേതൃത്വം നൽകുന്ന സത് സംഗ് ഫൗണ്ടേഷന് യോഗ & റിസർച്ച് സെന്റർ സ്ഥാപിക്കുന്നതിനായി കമ്പോള വിലയുടെ 2% പാട്ട നിരക്ക് നിശ്ചയിച്ചും വ്യവസ്ഥകളോടെയും പത്ത് വർഷത്തേക്ക് പാട്ടത്തിന് നൽകിയ 26.02.2021 ലെ സ.ഉ.(കൈ.) നം.90/2021/റവ ഉത്തരവിലെ 2% പാട്ട നിരക്ക് എന്നത് ഭേദഗതിചെയ്ത് കൊണ്ട് 4 ഏക്കർ വസ്തുവിന് പാട്ടവാടകയായി ഒരു വർഷത്തേയ്ക്ക് 5 ലക്ഷം രൂപ നിശ്ചയിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

5) പരാമർശിത ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

6) തിരുവനന്തപുരം ജില്ലാ കളക്ടർ ഇതു സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ .എ .ജയതിലക് ഐ എ എസ്

അഡീഷണൽ ചീഫ് സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

ജില്ലാ കളക്ടർ, തിരുവനന്തപുരം

സത് സംഗ് ഫൗണ്ടേഷൻ നമ്പർ -9, ഒന്നാം നില, വെബ്സ്റ്റേർസ് റോഡ്, കോക്സ് ടൗൺ ബംഗളൂരു, കർണാടക- 560 005.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ& ഇ) കേരള, തിരുവനന്തപുരം

പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം. നം 1008 തീയതി 24.08.2022 പ്രകാരം)

ധനകാര്യവകുപ്പ്.

Scanned with CamScanner

അനുബന്ധം.

## GOVERNMENT OF KERALA

**Abstract**

Revenue Department- Assignment of an extent of 20 Acres of land comprised in Block No. 13, Sy. Nos. 651, 652, 647, 671 at Cheruvakkal Village in Thiruvananthapuram Taluk and Thiruvananthapuram District on lease to Rajiv Gandhi Centre for Bio Technology for a period of 30 years at a nominal lease rent of Rs. 1000/- per Acre per Annum- Sanctioned -Orders issued.

---

Revenue (U) Department

G.O.(MS) 279/2011/RD Dated, Thiruvananthapuram, 27-07-2011

Read :-1) Letter No. 2104/B/RGCB/LAND-II/2011 dated 6.07.2011 from the Director, Rajiv Gandhi Centre for Bio-Technology.

2) Letter No. B8-67143/08 dated 10.07.2011 from the District Collector, Thiruvananthapuram.

## ORDER

As per the letter read as first paper above, the Director, Rajiv Gandhi Centre for Bio-Technology has requested Government to allot 15 Hectares of land free of cost for the further development of Rajiv Gandhi Centre for Bio-Technology into an institution of International Standards along with systematic development of bio-technology industry in the state. The District Collector,

Thiruvananthapuram has furnished detailed report and sketch regarding the allocation of land to Rajiv Gandhi Centre for Bio-Technology at Akkulam. As per available records an extent of about 35 Acres of land in Cheruvakkal Village was revenue puramboke. Of this 14.67 Acres of land was assigned and patta granted in January 2006 based on G.O. (MS) 47/2005/Housing dated 30.9.2005 and G.O. (MS) 47/1995/Housing dated 7.7.1995. Subsequently in 2010 it has been decided to transfer this entire land to establish National Games Village. The site handed over to the Kerala State Housing Board are in three patches on either side of the road leading to Indian Air Force- Southern Air Command.

2) The demand from the Institute is for the entire extent. But land is very precious in Kerala, more so in the city. Even with restrictions regarding construction, the institute was satisfied with 25 Acres in Muttathara. In Akkulam there is no such restriction on construction. Besides, the site being hilly terrain construction of building can start from bottom of the hill.

3) Only a small portion of land is near the Akkulam Kayal and there is a road in between the land and the kayal. The value of the land is Rs. 2,71,565/- per Are ( i.e. Rs.1,09,945/- per cent). The District Collector, Thiruvananthapuram has proposed that 20 Acres, out of the 24 Acres of land available on the western side of the road to

Air Force may be handed over to the Rajiv Gandhi Centre for Bio-technology. This 20 Acres of land comprises of 2.83 Acres of land in Sy. No. 651/1pt A, 0.73 Acres of land in Sy. No. 652/2pt-J, 0.15 Acres of land in Sy. No. 652/2pt-K and 3.20 Acres of land in Sy. No. 647/1pt-b now under the possession of the Kerala State Housing Board. This warrants the relinquishment of a total area of 6.91 Acres of land by the Kerala State Housing Board which may be resumed by the Revenue Department and included in the designated land for the Rajiv Gandhi Centre for Bio-Technology.

4) Government have examined the matter in detail and are pleased to accord sanction to assign an extent of 20 Acres of land comprised in Block No. 13, Sy. Nos. 651, 652, 647, 671 at Cheruvakkal Village in Thiruvananthapuram Taluk on lease for a period of 30 years at a lease rent of Rs. 1000/- per Acre per annum to Rajiv Gandhi Centre for Bio Technology for further development into an institution of international standards subject to the following conditions and other prevailing lease terms, invoking the powers vested with Government as per Rule 21 (ii) of Assignment of land within Municipal Corporation Areas Rules, 1995 :-

1) The land should not be sublet, misused or alienated ;
2) The land shall be used only for the purpose for which it is assigned on lease ;
3) The lease rent should be remitted in the beginning of the financial year itself ;

4) The lease shall be revised every three years ;

5) The land should not be mortgaged to any financial institution or bank ;

6) The institution shall protect the land from any kind of encroachment ;

7) No trees on the land shall be cut and removed without the previous permission of the Assigning Authority and the trees as per list of "reserved trees" App.III Part A of KLA Rules shall vest with Government.

8) The construction work shall be started within one year from date of transfer of land ;

9) The land shall be resumed to Revenue Department on violation of the any of the above conditions.

10) The question of renewal of lease rent after the expiry of the period shall be considered on merit.

5) The Kerala State Housing Board shall relinquish 2.83 Acres of land in Sy. No. 651/1pt-A, 0.73 Acres of land in Sy. No. 652/2pt-3, 0.15 Acres of land in Sy. No. 652/2pt-k and 3.20 Acres of land in Sy. No. 647/1pt-b (total area of 6.91 Acres) now under the possession of them, which shall be resumed by the Revenue Department and included in the designated land for the Rajiv Gandhi Centre for Bio-Technology.

6) The District Collector, Thiruvananthapuram will furnish suitable proposal for allotting equal extent of land to

Kerala State Housing Board in the same designated area in lieu of the land to be relinquished by the Kerala State Housing Board.

7) The District Collector, Thiruvananthapuram shall initiate further necessary steps in this regard, including the execution of an agreement in the prescribed value stamp paper and report compliance.

(By Order of the Governor)

Dr. Nivedita P. Haran,
Additional Chief Secretary

To

1) The Director, Rajiv Gandhi Centre for Bio Technology, Poojappura, Thycaud P.O., Thiruvananthapuram
2) The Chairman, Kerala State Housing Board Thiruvananthapuram
3) The Commissioner, Land Revenue, Thiruvananthapuram
4) The District Collector, Thiruvananthapuram
5) The Accountant General (A & E/Audit), Kerala, Thiruvananthapuram (with covering letter)
6) The Assistant Commissioner (LA) & Special Officer, Land Bank, O/o the Commissioner, Land Revenue, Thiruvananthapuram
7) The Tahasildar, Thiruvananthapuram
8) GA (SC) Department (vide item No. 215 dated 20.7.2011)
9) Finance Department (Vide U.O.(f) 59012/Exp A2/11/Fin dated 26.07.2011)
10) Housing (A) Department (vide file No. 3222/A2/2011/Hsg)
11) Stock file /Office Copy

Forwarded / By Order

Section Officer

**തിരുവനന്തപുരം ജില്ലാ കളക്ടറുടെ നടപടിക്രമം**

**(ഹാജർ.ജെറോമിക് ജോർജ് ഐ.എ.എസ്)**

ബി8.35832/95

തീയതി.23.09.2022

വിഷയം - സത് സംഗ് ഫൗണ്ടേഷന് പാട്ടത്തിന് നല്കിയതും നിലവിൽ KSHB യുടെ കൈവശത്തിലും ഉടമസ്ഥതയിലുമുള്ള ഭൂമിയുടെ പട്ടയം റദ്ദ് ചെയ്യുന്നത് - ഭൂമി സർക്കാരിലേക്ക് തിരിച്ചെടുക്കുന്നത് - സംബന്ധിച്ച്

സൂചന - 1. ഈ കാര്യാലയത്തിൽ നിന്നും 08.06.18-ൽ അനുവദിച്ച ബി8/35832/95 നമ്പർ പട്ടയം

2. സ.ഉ(കൈ)നം.205/22/RD തീയതി.30.08.22

തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ റീസർവ്വെ ബ്ലോക്ക് 20-ൽ റീസർവെ 647/9, 671/3, 647/8 എന്നീ സർവ്വെ നമ്പരുകളിൽപ്പെട്ട 4 ഏക്കർ ഭൂമി യോഗ&റിസർച്ച് സെന്റർ സ്ഥാപിക്കുന്നതിനായി സത് സംഗ് ഫൗണ്ടേഷന് പാട്ടത്തിന് അനുമതി നല്കി സർക്കാർ ഉത്തരവ് ആയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ സത് സംഗ് ഫൗണ്ടേഷന് പാട്ടത്തിന് നല്കിയതും നിലവിൽ കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡിന്റെ കൈവശവും ഉടമസ്ഥതയിലുമുള്ള ഭൂമിയുടെ പട്ടയം റദ്ദ് ചെയ്ത് ഭൂമി സർക്കാരിലേക്ക് തിരിച്ചെടുക്കുന്നതിന് തിരുവനന്തപുരം ജില്ലാ കളക്ടർക്ക് നിർദ്ദേശം നല്കി പരാമർശം (2) പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

ആയതിനാൽ ഈ കാര്യാലയത്തിൽ നിന്നും സൂചന (1) പ്രകാരം KSHB, സെക്രട്ടറി പേരിൽ അനുവദിച്ച പട്ടയം റദ്ദ് ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു. ചെറുവയ്ക്കൽ വില്ലേജിൽ സർവ്വെ നം.647/1pt-2.55H, 647/8-0.216 H, 671/2 pt-0.373 H എന്നിങ്ങനെ പട്ടയം അനുവദിച്ചിട്ടുള്ള 3.14 H ഭൂമി സർക്കാർ പുറമ്പോക്കിലേക്ക് മാറ്റുന്നതിന് തിരുവനന്തപുരം തഹസിൽദാർ നടപടി സ്വീകരിക്കേണ്ടതാണ്.


(ഒപ്പ്)

ജില്ലാ കളക്ടർ

1. അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ
2. ലാൻഡ് റവന്യൂ കമ്മീഷണർ } ആമുഖകത്ത് സഹിതം
3. സെക്രട്ടറി, KSHB, തിരുവനന്തപുരം
4. തഹസിൽദാർ, തിരുവനന്തപുരം
5. വില്ലേജ് ഓഫീസർ, ചെറുവയ്ക്കൽ
6. കരുതൽ ഫയൽ

ഉത്തരവിൻപ്രകാരം

ഡെപ്യൂട്ടി കളക്ടർ (എൽ.ആർ)


HLL
121.8
ERTL
71.5
44.5
32.5
41.8
TAHSILDAR
Thiruvananthapuram
22/9/22
Taluk Surveyor

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ്-തിരുവനന്തപുരം ജില്ല തിരുവനന്തപുരം താലൂക്കിൽ ചെറുവയ്ക്കൽ വില്ലേജിൽ റീസർവ്വെ ബ്ലോക്ക് 20 ൽ റീസർവ്വെ 647/9, 671/3, 647/8 എന്നീ സർവ്വേ നമ്പരുകളിൽപ്പെട്ടതും കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡിന്റെ കൈവശത്തിലുള്ളതുമായ ഭൂമിയിൽ നിന്നും 1.61 ഹെക്ടർ (4 ഏക്കർ) ഭൂമി ശ്രീ.എം.(മുംതാസ് അലി) നേതൃത്വം നൽകുന്ന സത് സംഗ് ഫൗണ്ടേഷന് യോഗ & റിസർച്ച് സെന്റർ സ്ഥാപിക്കുന്നതിനായി കമ്പോള വിലയുടെ 2% പാട്ട നിരക്ക് നിശ്ചയിച്ച് നിബന്ധനകളോടെ പത്ത് വർഷത്തേക്ക് പാട്ടത്തിന് അനുമതി നൽകിയ 26.02.2021 ലെ സ.ഉ.(കൈ.) നം.90/2021/റവ ഉത്തരവ് ഭേദഗതിചെയ്ത് കൊണ്ട് പാട്ടവാടകയായി 4 ഏക്കർ വസ്തുവിനുമായി ഒരു വർഷത്തേയ്ക്ക് 5 ലക്ഷം രൂപ നിശ്ചയിച്ച് കൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (യു) വകുപ്പ്

സ.ഉ.(കൈ) നം.204/2022/RD  തീയതി,തിരുവനന്തപുരം, 29-08-2022

---

പരാമർശം:-

1. 26.02.2021 ലെ സ.ഉ.(കൈ.) നം.90/2021/റവ നമ്പർഉത്തരവ്
2. സത് സംഗ് ഫൗണ്ടേഷൻ പ്രസിഡണ്ടിൻെറ 26.07.2021 ലെ കത്ത്
3. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 12.07.2022 ലെ ബി1- 322765/2021 നമ്പർ കത്ത്.
4. ലാൻറ് റവന്യൂ കമ്മീഷണറുടെ 13.07.2022 ലെ എൽ. ആർ/ 2692/2022/ജെ.6 നമ്പർ കത്ത്

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ ചെറുവയ്ക്കൽ വില്ലേജിൽ റീസർവ്വെ ബ്ലോക്ക് 20 ൽ റീസർവ്വെ 647/8,647/9,671/3, എന്നീ സർവ്വെ നമ്പരുകളിൽപ്പെട്ട 15 ഏക്കർ ഭൂമി യോഗ & റിസർച്ച് സെന്റർ സ്ഥാപിക്കുന്നതിനായി ശ്രീ.എം.(മുംതാസ് അലി) നേതൃത്വം നൽകുന്ന സത് സംഗ് ഫൗണ്ടേഷന് യോഗ & റിസർച്ച് സെന്റർ സ്ഥാപിക്കുന്നതിനായി കമ്പോള വിലയുടെ 2% പാട്ട നിരക്ക് നിശ്ചയിച്ച് നിബന്ധനകളോടെ പത്ത് വർഷത്തേക്ക് പാട്ടത്തിന് അനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

2) എന്നാൽ പരാമർശം (1) പ്രകാരം അനുവദിച്ച വസ്തുവിന് ഭീമമായ വാർഷിക പാട്ട വാടക ഈടാക്കുന്ന കാര്യം പുനഃ പരിശോധിക്കാനും, ഒരു വാടകയും ഈടാക്കാതെ അല്ലെങ്കിൽ നാമമാത്രമായ വാടക ഈടാക്കി പാട്ടം അടയ്ക്കാൻ അവരെ അനുവദിക്കണമെന്നും തിരുവനന്തപുരം കോർപ്പറേഷന്റെ ഡിടിപി/മാസ്റ്റർ പ്ലാൻ അനുസരിച്ച്, സത്സംഗ് ഫൗണ്ടേഷന് അനുവദിച്ച സ്ഥലത്ത് സർക്കാർ / അർദ്ധ സർക്കാർ കെട്ടിടങ്ങളുടെ നിർമ്മാണം മാത്രമേ അനുവദിക്കുകയുള്ളു അതിനാൽ സത്സംഗ് ഫൗണ്ടേഷന് അവരുടെ പദ്ധതിക്ക് കോർപ്പറേഷൻ/എൽഎസ്ജിഡി പ്രത്യേക അനുമതി നൽകണമെന്നും മാത്രമല്ല അനുവദിച്ച

Scanned with CamScanner

ഭൂമിയുടെ അതിരുകൾ നിശ്ചയിച്ച് വിട്ടുനൽകാൻ ലാൻഡ് റവന്യൂ വകുപ്പിന് നിർദേശം നൽകണമെന്നും സത്സംഗ് ഫൗണ്ടേഷൻ പ്രസിഡന്റ് പരാമർശം (2) പ്രകാരം ആവശ്യപ്പെടുകയുണ്ടായി.

3) 1995 ലെ കേരള മുനിസിപ്പൽ/കോർപ്പറേഷൻ ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 21 അടിസ്ഥാനമാക്കി 28.01.2016 ലെ സ.ഉ (പി) നം. 64/2016/റവ ഉത്തരവിലെ ഖണ്ഡിക 8 (ii) പ്രകാരമാണ് സത് സംഗ് ഫൗണ്ടേഷന് 2% പാട്ട നിരക്കിന് പാട്ടത്തിന് അനുമതി നൽകിയത്. ആയതു പ്രകാരം സാമൂഹ്യമോ ചാരിറ്റബിളോ ആയി പ്രവർത്തിക്കുന്ന വ്യക്തികൾക്കും സംഘടനകൾക്കും 400 സ്ക്വയർ മീറ്ററിനു മുകളിലുള്ള ഭൂമി കമ്പോള വിലയുടെ 2% നിരക്കിൽ പാട്ടത്തിനനുവദിക്കുന്നതിനാണ് നിഷ്കർഷിച്ചിട്ടുള്ളത്. സാധാരണഗതിയിൽ സർക്കാർ സ്ഥാപനങ്ങൾക്ക് മാത്രമാണ് പാട്ടനിരക്ക് കുറച്ചു നൽകാറുള്ളത് എന്ന് പരാമർശം (3) പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടറും പരാമർശം (4) പ്രകാരം ലാൻറ് റവന്യൂ കമ്മീഷണറും അറിയിച്ചിട്ടുണ്ട്.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. തിരുവനന്തപുരം ജില്ല തിരുവനന്തപുരം താലൂക്കിൽ ചെറുവയ്ക്കൽ വില്ലേജിൽ റീസർവ്വെ ബ്ലോക്ക് 20 ൽ റീസർവ്വെ 647/9, 671/3, 647/8 എന്നീ സർവ്വേ നമ്പരുകളിൽപ്പെട്ടതും തണ്ടപ്പേർ നമ്പർ 28089 പ്രകാരം കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ്, കൈവശത്തിലുള്ളതുമായ 3.14 ഹെക്ടർ (7.76 ഏക്കർ) ഭൂമിയിൽ നിന്നും 1.61 ഹെക്ടർ (4 ഏക്കർ) ഭൂമി ശ്രീ.എം.(മുംതാസ് അലി) നേതൃത്വം നൽകുന്ന സത് സംഗ് ഫൗണ്ടേഷന് യോഗ & റിസർച്ച് സെന്റർ സ്ഥാപിക്കുന്നതിനായി കമ്പോള വിലയുടെ 2% പാട്ട നിരക്ക് നിശ്ചയിച്ചും വ്യവസ്ഥകളോടെയും പത്ത് വർഷത്തേക്ക് പാട്ടത്തിന് നൽകിയ 26.02.2021 ലെ സ.ഉ.(കൈ.) നം.90/2021/റവ ഉത്തരവിലെ 2% പാട്ട നിരക്ക് എന്നത് ഭേദഗതിചെയ്ത് കൊണ്ട് 4 ഏക്കർ വസ്തുവിന് പാട്ടവാടകയായി ഒരു വർഷത്തേയ്ക്ക് 5 ലക്ഷം രൂപ നിശ്ചയിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

5) പരാമർശിത ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

6) തിരുവനന്തപുരം ജില്ലാ കളക്ടർ ഇതു സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഡോ .എ .ജയതിലക് ഐ എ എസ്**
**അഡീഷണൽ ചീഫ് സെക്രട്ടറി**

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, തിരുവനന്തപുരം
സത് സംഗ് ഫൗണ്ടേഷൻ നമ്പർ -9, ഒന്നാം നില, വെബ്സ്റ്റേർസ് റോഡ്, കോക്സ് ടൗൺ ബംഗളൂരു, കർണാടക- 560 005.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ& ഇ) കേരള, തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം. നം 1008 തീയതി 24.08.2022 പ്രകാരം)
ധനകാര്യവകുപ്പ്,

Scanned with CamScanner

Scanned with CamScanner